**09.03.2017 ന് ബഹുമാനപ്പെട്ട ആരോഗ്യ-സാമൂഹ്യനീതി വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ മന്ത്രിയുടെ ചേമ്പറിൽ വച്ച് കൂടിയ മീറ്റിംഗിന്റെ മിനിട്ട്സ്.**

അന്നേദിവസം വൈകുന്നേരം 3 മണിക്ക് മീറ്റിംഗ് ആരംഭിച്ചു. സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ, ഫിനാൻസ് ഡിപ്പാർട്ട്മെന്റിലെ അഡീഷണൽ ചീഫ് സെക്രട്ടറി, മന്ത്രിയുടെ പേഴ്സണൽ സ്റ്റാഫ്, സെക്രട്ടറിയേറ്റിലേയും ഐ.സി.പി.എസ്. ലേയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും സന്നിഹിതരായിരുന്നു.

ഐ.സി.പി.എസ്. ന്റെ ഘടനയേയും സംസ്ഥാനതല ജീവനക്കാരുടെ അപാര്യപ്തതയേയും സംബന്ധിച്ച് ഡയറക്ടർ യോഗത്തിൽ സംസാരിച്ചു. എസ്.പി.എസ്.യു.വിനെ എസ്.സി.പി.എസ്. മായി ലയിപ്പിച്ചുകൊണ്ട് എസ്.പി.എസ്.യു. ന്റെ ജീവനക്കാരെ നിലനിർത്തുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുവാൻ മന്ത്രി നിർദ്ദേശിച്ചു. അതോടൊപ്പം സംസ്ഥാനതല ഓഫീസിലെ നിലവിലുള്ള ജീവനക്കാരുടെ എണ്ണം, ഇനി ആവശ്യമുള്ളവരുടെ എണ്ണം എന്നിവ ഉൾപ്പെടുത്തി ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുവാനും നിർദ്ദേശിച്ചു. എസ്.സി.പി.എസ്. ലെ പ്രോഗ്രാം മാനേജർ തസ്തികയിൽ സാമൂഹ്യനീതി വകുപ്പിലെ അസിസ്റ്റന്റ് ഡയറക്ടർ/ജില്ലാ സാമൂഹ്യനീതി ഓഫീസർ തസ്തികകളിലെ ജീവനക്കാരിൽ നിന്ന് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നടത്തുന്നതിനുള്ള പ്രോപ്പോസൽ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇപ്രകാരം ഡെപ്യൂട്ടേഷൻ വഴി നിയമനം നടത്തുന്നതുവരെ നിലവിലെ പ്രോഗ്രാം മാനേജർ ആയ ശ്രീ.എ.എസ്. ഗണേഷ്കുമാർ തന്നെ തുടരുവാൻ നിർദ്ദേശിച്ചു.

ഐ.സി.പി.എസ്. ന്റെ വിവിധ ഘടകങ്ങളിൽ കരാർ അടിസ്ഥാനത്തിൽ വിവിധ തസ്തികകളിൽ സേവനം അനുഷ്ഠിക്കുന്ന ജീവനക്കാരുടെ സേവനകാലാവധി തൽക്കാലം ദീർഘിപ്പിച്ച് നൽകാമെന്നും ഐ.സി.പി.എസ്. ഗൈഡ്ലൈൻ പ്രകാരം പരമാവധി അഞ്ച് വർഷം വരെ തുടരാമെന്നും അതിനുള്ളിൽ ഐ.സി.പി.എസ്.ലെ വിവിധ ഘടകങ്ങളിലെ ജീവനക്കാരുടെ തസ്തികയ്ക്ക് സമാനമായ തസ്തികകൾ സൃഷ്ടിച്ച് പി.എസ്.സി. വഴി നിയമനം നടത്തുന്ന കാര്യം പരിഗണിയ്ക്കേണ്ടതാണെന്നും മന്ത്രി അറിയിച്ചു. അതിലേയ്ക്ക് വേണ്ട നടപടി സ്വീകരിയ്ക്കാൻ ഡയറക്ടർ, ഡയറക്ടറേറ്റിലെ എസ്റ്റാബ്ലിഷ്മെന്റ് സെക്ഷനെ ചുമതലപ്പെടുത്തി. ഐ.സി.പി.എസ്. ന്റെ ഫണ്ടിംഗ് പാറ്റേൺ വർക്ക് ഔട്ട് ചെയ്ത് അത് പ്രകാരമുള്ള പരിപാടികൾ നടത്തുവാൻ ആവശ്യമായ മാൻപവർ ലഭ്യമാക്കുന്ന രീതിയിൽ പ്രൊപ്പോസൽ തയ്യാറാക്കുവാൻ മന്ത്രി നിർദ്ദേശിച്ചു.

സംസ്ഥാനത്തെ CWC/JJB കളുടെയും പുനഃസംഘടന അടിയന്തിരമായി നടത്തണമെന്നും സെർച്ച്/സെലക്ഷൻ കമ്മിറ്റി രൂപീകരിച്ചുകൊണ്ടുള്ള ഗസറ്റ് നോട്ടിഫിക്കേഷൻ വരുന്നതോടുകൂടി എത്രയും വേഗം പുതിയ കമ്മിറ്റി രൂപികരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും മന്ത്രി പറഞ്ഞു. സെർച്ച്/സെലക്ഷൻ കമ്മിറ്റിയുടെ ആദ്യ യോഗം കൂടുന്നതിനുമുമ്പു തന്നെ CWC/JJB കളുടെ മെമ്പർ

സ്ഥാനത്തേയ്ക്ക് അപേക്ഷിക്കുന്നതിനുള്ള യോഗ്യത സംബന്ധിച്ച് വകുപ്പുതലത്തിൽ ചർച്ച ചെയ്ത് സെർച്ച്/സെലക്ഷൻ കമ്മിറ്റിയുടെ തീരുമാനത്തിന് സമർപ്പിക്കണമെന്നും മെമ്പർമാരെ തെരെഞ്ഞെടുക്കുന്നതിനുള്ള ഇന്റർവ്യൂ മൂന്ന് മേഖലകളിലായി (തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്) നടത്തണമെന്നും യോഗം തീരുമാനിച്ചു.

ജെ.ജെ.മോഡൽ റൂൾ 2016 പ്രകാരം CWC യിൽ ഒരു സെക്രട്ടറിയുടെ നിയമനം വ്യവസ്ഥ ചെയ്യുന്നു. ഡിപ്പാർട്ട്മെന്റിലെ ജൂനിയർ സൂപ്രണ്ട് തസ്തികയിൽ ഉള്ള ഉദ്യോഗസ്ഥരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കാമെന്നും അപ്രകാരം തസ്തിക സൃഷ്ടിക്കുന്നതുവരെ ചൈൽഡ് കെയർ സ്ഥാപനങ്ങളിലെ സൂപ്രണ്ടുമാർക്ക് താൽക്കാലിക ചുമതല നൽകുവാനും തീരുമാനിച്ചു.

ഡി.സി.പി.ഒ. മാരെ ഡി.ഡി.ഒ. മാരാക്കി മാറ്റുന്നത് സംബന്ധിച്ച് സർക്കാരിന് ഒരിക്കൽകൂടി പ്രൊപ്പോസൽ സമർപ്പിക്കുവാൻ തീരുമാനിക്കുകയുണ്ടായി.

എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അനുമതിയില്ലാതെ സാമൂഹ്യനീതി ഡയറക്ടർ/മെമ്പർ സെക്രട്ടറിയ്ക്ക് പരമാവധി അനുവദിക്കാവുന്ന തുക (ഡെലിഗേഷൻ ഓഫ് പവർ) 1,00,000/രൂപ വരെ ആക്കി ഉയർത്തുവാൻ തീരുമാനിച്ചു.

യോഗം വൈകുന്നേരം 5 മണിയ്ക്ക് അവസാനിച്ചു.